**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സഹകരണ ഉത്പന്നങ്ങളുടെ ഉൽപാദനം, വിപണനം, കയറ്റുമതി എന്നിവ ലക്ഷ്യമിട്ട് ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. സഹകരണ ഉത്പന്നങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ സഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാലാ, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്കം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയവ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു. എ. ഇ, ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്.<br><br>സഹകരണ ഉൽപ്പന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി യു.എസ്.എ, യു.കെ, ദക്ഷിണാഫ്രിക്ക, മധ്യേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായ ഏജൻസികളെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് കൊണ്ട് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'എക്സ്പോർട്ട് ബിസിനസ് മീറ്റ്-2024' സംഘടിപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഓർഡർ പ്രകാരമുള്ള കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ 2024-ജൂൺ മാസത്തിൽ തന്നെ കയറ്റി അയക്കുന്നതിനു സഹകരണ സംഘങ്ങൾ സജ്ജമാക്കിയിട്ടുള്ളതുമാണ്. |
| (ബി) | രാജ്യത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര വ്യാപാര മേളയിലൂടെ സംസ്ഥാനത്ത് നിന്നുള്ള ഉല്പന്നങ്ങൾ | (ബി) | രാജ്യത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര വ്യാപാര മേളയായ 'ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് |

| | | | |
|---|---|---|---|
| | ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | ഫെയറിൽ' (ഐ.ഐ.ടി.എഫ്.) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിനു സാധിച്ചിട്ടുണ്ട്.<br><br>ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് വച്ച് 2022, 2023 വർഷങ്ങളിൽ നടന്ന ഐ.ഐ.ടി.എഫ്. ൽ കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്തതിനു പുറമേ ഇതര സംസ്ഥാനങ്ങളിലെ ട്രേഡേഴ്സ്, ട്രേഡിംഗ് സ്ഥാപനങ്ങൾ, ഡൽഹി മലയാളി അസോസിയേഷൻ, തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് ബിസിനസ്സ് മീറ്റും സംഘടിപ്പിച്ചു.<br><br>'വസുദൈവ കുടുംബകം യുണൈറ്റഡ് ബൈ ട്രേഡ്' എന്ന തീമിനെ ആസ്പദമാക്കി നടത്തിയ ഐ.ഐ.ടി.എഫ്-2023 ൽ ബെസ്റ്റ് തീം എക്സിബിറ്ററായി സഹകരണ വകുപ്പിനെയാണ് തെരഞ്ഞെടുത്തത്.<br><br>ദൈവത്തിന്റെ സ്വന്തം നാടിന്റെ കൈയ്യൊപ്പ് പതിഞ്ഞ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലേക്ക് നൽകുന്ന ഗുണമേൻമയുടെ ഉറപ്പായ coopkerala സഹകരണ മുദ്ര ഐ.ഐ.ടി.എഫ് ലൂടെ കൂടുതൽ സ്ഥലങ്ങളിലേക്കും കൂടുതൽ ജനങ്ങളിലേക്കും എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയിലെ ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനു "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ന്യായ വിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവട് വയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റ് സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.<br><br>പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. പുതിയ 200 Coopmart |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനു വേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമ ഘട്ടത്തിലാണ്. അപ്രകാരം ഘട്ടം ഘട്ടമായി കോപ്പ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുകയാണ്.<br><br>സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സഹകരണ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (ഡി) | സഹകരണ മേഖലയിൽ സംസ്ഥാനം നേടിയിട്ടുള്ള പുരോഗതി പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിന് സഹകരണ എക്സ്പോ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായും 2023 ഏപ്രിൽ മാസം 22 മുതൽ 30 വരെ 9 ദിവസങ്ങളിലായും ചരിത്ര വിജയമായി തീർന്ന രണ്ട് സഹകരണ എക്സ്പോകൾ സംഘടിപ്പിച്ചിരുന്നു.<br><br>എക്സ്പോയിലൂടെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തിയതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു.<br><br>സഹകരണ മേഖലയെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി കാലികപ്രസക്തിയുള്ള 11 സെമിനാറുകൾ വീതം വളരെ വിജയകരമായി രണ്ട് എക്സ്പോകളിലും നടത്തിയിരുന്നു.<br><br>തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള പങ്കാളിത്തവും എൻ.സി.ഡി.സി., ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ്, അഗ്രിക്കൾച്ചറൽ ആൻഡ് പ്രോസ്സസ്ഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്പ്മെന്റ് അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തം കൊണ്ടും സഹകരണ എക്സ്പോയ്ക്ക് ദേശീയ ശ്രദ്ധ നേടാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ പുതിയതായി വിപണിയിൽ എത്തിക്കുന്ന ഉൽപ്പന്നങ്ങൾ എക്സ്പോയിലെ പ്രത്യേക വേദിയിൽ വെച്ച് ലോഞ്ച് ചെയ്തു.<br><br>സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കു കൂടുതൽ വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എക്സ്പോ വേദിയിൽ ബിസിനസ് മീറ്റ് സംഘടിപ്പിച്ചു. അത് വഴി കൂടുതൽ ബിസിനസ്സ് ഓർഡർ ലഭിച്ചിരുന്നു.<br><br>ഈ വർഷവും എക്സ്പോ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ